ടി.കെ ഉബൈദ്



സൂറ - 46

# അൽ അഹ്ഖാഫ്

الأحقاف

### സൂക്തം 04-06

ബഹുദൈവ വിശ്വാസികളുടെ ഇബാദത്ത് -മിക്കവാറും ദുആഅ്- ഭൗതികമായ ആഗ്രഹസാഫല്യത്തിനും ആപത് രക്ഷക്കുമുള്ള തേട്ടമാകുന്നു. ധനാകർഷണ പൂജ, മംഗല്യ പൂജ, സരസ്വതി പൂജ, ശത്രുസംഹാര പൂജ, മൃത്യുഞ്ജയ പൂജ, ബാധയകറ്റൽ പൂജ എന്നിങ്ങനെ. പരലോക ശാന്തി, ജീവിത സംസ്കരണം, ദൈവ പ്രീതി തുടങ്ങിയ കാര്യങ്ങൾ പൂജാ ലക്ഷ്യങ്ങളാവാറില്ല.

---

قُلْ أَرَءَيْتُم مَّا تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَـٰوَٰتِ ۖ ٱئْتُونِى
بِكِتَـٰبٍ مِّن قَبْلِ هَـٰذَآ أَوْ أَثَـٰرَةٍ مِّنْ عِلْمٍ إِن كُنتُمْ صَـٰدِقِينَ ﴿٤﴾

*4*

*പ്രവാചകൻ ഈ ബഹുദൈവാരാധകരോട് ചോദിക്കുക: നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതെന്തിനോടൊക്കെയാണെന്ന് ആലോചിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്താണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് എനിക്കൊന്നു കാണിച്ചുതരൂ. അതോ വാനലോകത്തിന്റെ സൃഷ്ടിയിൽ അവർക്ക് പങ്കുണ്ടോ? ഈ ഖുർആനിനു മുമ്പ് അവതീർണമായ ഏതെങ്കിലും വേദം, അല്ലെങ്കിൽ ജ്ഞാന പൈതൃകം അതനുശാസിക്കുന്നുണ്ടെങ്കിൽ അതിങ്ങ് കൊണ്ടുവരുവിൻ; നിങ്ങളുടെ വാദം സത്യമാണെങ്കിൽ.*

| | |
|---|---|
| നീ പറയുക (പ്രവാചകൻ ഈ ബഹുദൈവാരാധകരോട് ചോദിക്കുക) | قُلْ |
| നിങ്ങൾ കണ്ടുവോ? (ആലോചിച്ചു നോക്കിയിട്ടുണ്ടോ?) | أَرَأَيْتُم |
| നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതിനെ (തെന്തിനോടൊക്കെയാണെന്ന്) | مَّا تَدْعُونَ مِن دُونِ اللَّهِ |
| എനിക്ക് (ഒന്ന്) കാണിച്ചു തരൂ | أَرُونِي |
| എന്താണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് | مَاذَا خَلَقُوا |
| ഭൂമിയിൽനിന്ന് | مِنَ الْأَرْضِ |
| അതോ അവർക്ക് പങ്കുണ്ടോ? | أَمْ لَهُمْ شِرْكٌ |

| | |
|---|---|
| വാനലോകത്തി(ന്റെ സൃഷ്ടിയി)ൽ | فِي السَّمَاوَاتِ |
| എനിക്ക് (അത് ഇങ്ങ്) കൊണ്ടുവരുവിൻ | ائْتُونِي |
| (ഏതെങ്കിലും) ഒരു വേദം | بِكِتَابٍ |
| ഇതിന് (ഖുർആനിന്) മുമ്പുള്ള (മുമ്പ് അവതീർണമായ) | مِّن قَبْلِ هَٰذَا |
| അല്ലെങ്കിൽ ജ്ഞാനത്തിൽനിന്നുള്ള അവശിഷ്ടം (ജ്ഞാന പൈതൃകം അതനുശാസിക്കുന്നുണ്ടെങ്കിൽ) | أَوْ أَثَارَةٍ مِّنْ عِلْمٍ |
| നിങ്ങൾ (ളുടെ വാദം സത്യം) സത്യവാന്മാർ ആണെങ്കിൽ | إِن كُنتُمْ صَادِقِينَ |

**ബഹുദൈവങ്ങളായി പൂജിക്കപ്പെടുന്നതിൽ പലതും കേവലം സങ്കൽപങ്ങളാണ്. സങ്കൽപങ്ങൾ പ്രാർഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്ന പ്രശ്നമില്ലാത്തതുപോലെ പരലോകത്ത് വിചാരണ ചെയ്യപ്പെടുന്ന പ്രശ്നവുമില്ല.**

ആളുകൾ ഉയിർത്തെഴുന്നേൽപും വേദോപദേശങ്ങളും പ്രവാചകന്മാരുടെ മുന്നറിയിപ്പുകളും തള്ളിക്കളയുന്നതിന്റെ യഥാർഥ കാരണം പ്രപഞ്ച നാഥനായ സാക്ഷാൽ ദൈവത്തോടും അവന്റെ ധർമശാസനകളോടുമുള്ള വൈമുഖ്യമാണ്. അല്ലാഹുവിനെ മാറ്റിനിർത്തി തങ്ങൾ സങ്കൽപിക്കുന്ന കൃത്രിമ ദൈവങ്ങളെ ആരാധിക്കുന്നതിലൂടെ ജീവിത സാഫല്യം തേടാനാണവരിഷ്ടപ്പെടുന്നത്. تَدْعُونَ യുടെ അർഥം നിങ്ങൾ പ്രാർഥിക്കുന്ന എന്നാണ്. പ്രാർഥന ആരാധന തന്നെയാണ്. ഭയഭക്തിയും വിധേയത്വവും പ്രീതി കാംക്ഷയുമാണ് ആരാധനയുടെ ആശയത്തിൽ മികച്ചു നിൽക്കുന്നത്. ആഗ്രഹ സാഫല്യത്തിന്റെയും ആപത് രക്ഷയുടെയും തേട്ടമാണ് പ്രാർഥനയുടെ സാരാംശം. രണ്ടിലും ആത്യന്തികമായ ആശ്രയത്വവും വിധേയത്വവുമുള്ളതിനാൽ രണ്ടും ഇബാദത്താകുന്നു. അടുത്ത 6-ാം വാക്യത്തിൽ രണ്ടാശയങ്ങളും ഉദ്ദേശിച്ച് عبادة എന്നു തന്നെ പ്രയോഗിക്കുന്നുണ്ട്.

ബഹുദൈവ വിശ്വാസികളുടെ ഇബാദത്ത് -മിക്കവാറും ദുആഅ്- ഭൗതികമായ ആഗ്രഹസാഫല്യത്തിനും ആപത് രക്ഷക്കുമുള്ള തേട്ടമാകുന്നു. ധനാകർഷണ പൂജ, മംഗല്യ പൂജ, സരസ്വതി പൂജ, ശത്രുസംഹാര പൂജ, മൃത്യുഞ്ജയ പൂജ, ബാധയകറ്റൽ പൂജ എന്നിങ്ങനെ. പരലോക ശാന്തി, ജീവിത സംസ്കരണം, ദൈവ പ്രീതി തുടങ്ങിയ കാര്യങ്ങൾ പൂജാലക്ഷ്യങ്ങളാവാറില്ല. مَّا تَدْعُونَ مِن دُونِ اللَّهِ -യിൽ ആരാധ്യ വിഗ്രഹങ്ങൾക്കു പുറമെ മനുഷ്യർ ആത്യന്തികമായി വഴിപ്പെടുകയും രക്ഷാ-ശിക്ഷകൾ പ്രതീക്ഷിക്കുകയും ചെയ്യുന്ന എല്ലാ ദൈവേതര ശക്തികളും ഉൾപ്പെടുന്നുണ്ട്. അത് മൺമറഞ്ഞ മനുഷ്യരാവാം, ജിന്നുകളാവാം, മലക്കുകളാവാം, നാസ്തിക-നിർമത നേതാക്കളും ആചാര്യന്മാരുമാകാം. ആർക്കും സൃഷ്ടികളുടെ പ്രാർഥന കേൾക്കാനോ ആവശ്യം നിവർത്തിച്ചു കൊടുക്കാനോ കഴിയുകയില്ല. കാരണം, പ്രപഞ്ചം സൃഷ്ടിക്കുന്നതിലോ വിതാനിക്കുന്നതിലോ പരിപാലിക്കുന്നതിലോ അവർക്കാർക്കും ഒരു പങ്കുമില്ല. ഇക്കാര്യം ബഹുദൈവാരാധകർക്ക് നന്നായിട്ടറിയാവുന്നതാണ്. ഇനി അവരതു നിഷേധിക്കുന്നുവെങ്കിൽ ചോദിച്ചു നോക്കുക: നിങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങൾ എന്താണീ ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളത്? ഭൂമിയിലെ ഏതെങ്കിലുമൊരു വസ്തു സൃഷ്ടിച്ചത് അല്ലാഹുവല്ല, ഞങ്ങളാരാധിക്കുന്ന ഇന്ന ദൈവമാണെന്ന് നിങ്ങൾക്കു പറയാനാകുമോ? അല്ലെങ്കിൽ ആകാശം സൃഷ്ടിച്ചതിൽ ഞങ്ങളുടെ ദൈവങ്ങൾ സാക്ഷാൽ ദൈവത്തിന്റെ പങ്കാളികളാണെന്നു പറയാമോ? എങ്കിൽ പറയുക: ഏതു ആകാശം, ഏതു നക്ഷത്രം, എത്ര ഗ്രഹം ആണ് അവർ സൃഷ്ടിച്ചത്? ഇതിനൊന്നും കൃത്യമായ മറുപടി പറയാൻ നിങ്ങൾക്കാവില്ല. കാരണം, അല്ലാഹുവിന്റെ പങ്കാളി എന്ന ആശയം തന്നെ മിഥ്യയാകുന്നു.

അഭൗതികമായ ദൈവികകാര്യങ്ങൾ പറഞ്ഞുതരേണ്ടത് വേദപുസ്തകങ്ങളും ദൈവദൂതന്മാരുമാണല്ലോ. അന്ത്യപ്രവാചകന് അവതീർണമായ വേദം ബഹുദൈവത്വത്തെ അസന്ദിഗ്ധമായി നിഷേധിക്കുകയാണ്. ഇനി, എനിക്ക് ലഭിച്ച ഈ വേദത്തിന് മുമ്പ് അവതീർണമായ ഏതെങ്കിലും വേദം, സത്യദൈവത്തിന് പങ്കാളികളും സഹകാരികളും ഉണ്ടെന്നും അവർ രക്ഷാ-ശിക്ഷകൾക്ക് അധികാരമുള്ള ആരാധ്യരാണെന്നും അനുശാസിക്കുന്നുണ്ടെങ്കിൽ ആ വേദം എനിക്കൊന്നു കാണിച്ചു തരിക. അതിനു കഴിയില്ലെങ്കിൽ പോകട്ടെ, നിങ്ങളുടെ ഈ നടപടിയെ സാധൂ

കരിക്കുന്ന ഉത്തമ പാരമ്പര്യമെങ്കിലും കാണിച്ചു തരിക. പാരമ്പര്യങ്ങൾ അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായതുണ്ട്. തെറ്റിദ്ധാരണകളിൽ നിന്നുടലെടുത്തതുണ്ട്. അധികാരവും നേതൃത്വവുമുള്ളവർ സ്വാർഥ ലാഭങ്ങൾക്കുവേണ്ടി കെട്ടിച്ചമച്ചു നടപ്പാക്കിയതുമുണ്ട്. കാണിച്ചു തരേണ്ടത് അത്തരം അടിസ്ഥാന രഹിതമായ മാമൂലുകളല്ല; പ്രത്യുത, ജ്ഞാനത്തിലധിഷ്ഠിതമായ വിശിഷ്ട പൈതൃകമാണ്. أَثَارَةٍ على عِلْمٍ -ജ്ഞാനത്തിന്മേലുള്ള അവശിഷ്ടം- എന്നാണ് മൂലവാക്യം. വേദപുസ്തകങ്ങളിലില്ലെങ്കിലും പുണ്യാത്മാക്കളായ വേദപണ്ഡിതന്മാർ, വേദപ്രമാണങ്ങളുടെ താൽപര്യം എന്ന നിലയിൽ പഠിപ്പിക്കുകയും നിലനിർത്തുകയും ചെയ്ത ആശയങ്ങളും ആചാരങ്ങളുമാണ് ഉദ്ദേശ്യം. സ്വാർഥമതികളായ വേദപണ്ഡിതന്മാർ വേദപ്രമാണങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ആവിഷ്കരിച്ച സമ്പ്രദായങ്ങൾ ഇതിൽനിന്നൊഴിവാകുന്നു. സ്വതന്ത്ര ശരീഅത്തിന്റെ വാഹകരായിരുന്ന നൂഹ്, ഇബ്റാഹീം (അ) തുടങ്ങിയ പ്രവാചകന്മാരുടെയും മൂസാ നബിക്കുശേഷം തൗറാത്തിന്റെ വാഹകരായി വന്ന ഇസ്രാഈലീ പ്രവാചകന്മാരുടെയും, അവരുടെ ഉത്തമ ശിഷ്യന്മാരുടെയും പാരമ്പര്യം أَثَارَةٍ على عِلْمٍ -ൽ പെടുന്നു. ബഹുദൈവ വിശ്വാസികൾ അവരുടെ വാദത്തിൽ സത്യസന്ധരാണെങ്കിൽ ഇത്തരം വേദപ്രമാണങ്ങളോ വേദജ്ഞാനത്തിലധിഷ്ഠിതമായ പാരമ്പര്യങ്ങളോ ചൂണ്ടിക്കാണിച്ചു തന്നേ തീരൂ. ●

وَمَنْ أَضَلُّ مِمَّن يَدْعُوا۟ مِن دُونِ ٱللَّهِ مَن لَّا يَسْتَجِيبُ لَهُۥٓ إِلَىٰ يَوْمِ ٱلْقِيَـٰمَةِ وَهُمْ عَن دُعَآئِهِمْ
غَـٰفِلُونَ ﴿٥﴾ وَإِذَا حُشِرَ ٱلنَّاسُ كَانُوا۟ لَهُمْ أَعْدَآءً وَكَانُوا۟ بِعِبَادَتِهِمْ كَـٰفِرِينَ ﴿٦﴾

*5*

*അല്ലാഹുവിനെ വെടിഞ്ഞ്, ഉയിർത്തെഴുന്നേൽപു നാളുവരെ കേൾക്കുകയോ ഉത്തരം നൽകുകയോ ചെയ്യാത്തവരെ പ്രാർഥിക്കുന്നവരെക്കാൾ പിഴച്ചവർ ആരുണ്ട്?! അവരാകട്ടെ, ഇവരുടെ പ്രാർഥനയെക്കുറിച്ച് തികച്ചും അജ്ഞരുമായിരിക്കെ.*

*6*

*മർത്യരാസകലം വിചാരണാ മഹാ സഭയിൽ സമ്മേളിപ്പിക്കപ്പെടുന്ന സന്ദർഭത്തിൽ ഈ ആരാധ്യർ ആരാധകരുടെ വൈരികളായിത്തീരുന്നു, അവരുടെ ആരാധനയെ നിഷേധിക്കുന്നവരുമായിത്തീരുന്നു.*

| | |
|---|---|
| അല്ലാഹുവിനെ വെടിഞ്ഞ് പ്രാർഥിക്കുന്നവരെക്കാൾ വഴിപിഴച്ചവർ ആരുണ്ട്?! | وَمَنْ أَضَلُّ مِمَّن يَدْعُوا مِن دُونِ اللَّهِ |
| അവന് ഉത്തരം നൽകാത്തവരെ (കേൾക്കുകയോ ഉത്തരം നൽകുകയോ ചെയ്യാത്തവരെ) | مَن لَّا يَسْتَجِيبُ لَهُ |
| ഉയിർത്തെഴുന്നേൽപു നാളുവരെ | إِلَىٰ يَوْمِ الْقِيَامَةِ |
| അവരാകട്ടെ | وَهُمْ |
| ഇവരുടെ പ്രാർഥനയെക്കുറിച്ച് | عَن دُعَائِهِمْ |
| തികച്ചും അശ്രദ്ധർ ആകുന്നു (അജ്ഞരുമായിരിക്കെ) | غَافِلُونَ |
| മർത്യർ (ആസകലം വിചാരണാ മഹാ സഭയിൽ) സമ്മേളിപ്പിക്കപ്പെട്ടാൽ | وَإِذَا حُشِرَ النَّاسُ |
| അവർ(ഈ ആരാധ്യർ) അവരുടെ (ആരാധകരുടെ) വൈരികൾ ആയിത്തീരുന്നു | كَانُوا لَهُمْ أَعْدَاءً |
| അവർ അവരുടെ ആരാധനയെ നിഷേധിക്കുന്നവരും ആയിത്തീരുന്നു | وَكَانُوا بِعِبَادَتِهِمْ كَافِرِينَ |

**പാരമ്പര്യങ്ങൾ അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായതുണ്ട്. തെറ്റിദ്ധാരണകളിൽ നിന്നുടലെടുത്തതുണ്ട്. അധികാരവും നേതൃത്വവുമുള്ളവർ സ്വാർഥ ലാഭങ്ങൾക്കുവേണ്ടി കെട്ടിച്ചമച്ചു നടപ്പാക്കിയതുമുണ്ട്. കാണിച്ചു തരേണ്ടത് അത്തരം അടിസ്ഥാന രഹിതമായ മാമൂലുകളല്ല; പ്രത്യുത, ജ്ഞാനത്തിലധിഷ്ഠിതമായ വിശിഷ്ട പൈതൃകമാണ്.**

**ബഹുദൈവങ്ങൾ ഭൗതിക ലോകത്തുതന്നെ കാഴ്ചയും കേൾവിയും ചലനശേഷിയുമില്ലാത്ത ശിലകളും, ചിലത് കേവല സങ്കൽപങ്ങളും മറ്റചേതന വസ്തുക്കളും, മരിച്ചു മണ്ണായ മനുഷ്യരുമാണ്. മറ്റു ചിലരാവട്ടെ അല്ലാഹുവിന്റെ അഭീഷ്ടത്തിൽനിന്ന് അണു അളവ് വ്യതിചലിക്കാത്ത പരിശുദ്ധരായ മലക്കുകളും.**

ഈ സംഗതികളൊന്നും ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ മറ്റുള്ളവരെ അന്ധമായി അനുകരിച്ച് ബഹുദൈവങ്ങളോട് പ്രാർഥിക്കുന്ന മൂഢ ജനങ്ങളെക്കാൾ വഴി പിഴച്ചവരാരാണുള്ളത്! ആ ദൈവങ്ങൾക്ക് ലോകാവസാനം വരെ ഈ മൂഢന്മാരുടെ പ്രാർഥന കേൾക്കാനും ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാനും കഴിയില്ല. എന്നല്ല, ഇങ്ങനെ ചില മൂഢന്മാർ തങ്ങളോട് പ്രാർഥിക്കുന്നുണ്ട് എന്ന കാര്യം അവരറിയുന്നു പോലുമില്ല. സാക്ഷാൽ ദൈവത്തിന്റെ അടിമകളും സൃഷ്ടി-സ്ഥിതി-സംഹാരങ്ങളിൽ യാതൊരു സ്വാധീനവുമില്ലാത്തവരുമായ സൃഷ്ടികളാണവയൊക്കെയും. പലരും ഭൗതിക ലോകത്തുതന്നെ കാഴ്ചയും കേൾവിയും ചലനശേഷിയുമില്ലാത്ത ശിലകളും, ചിലത് കേവല സങ്കൽപങ്ങളും മറ്റചേതന വസ്തുക്കളും, മരിച്ചു മണ്ണായ മനുഷ്യരുമാണ്. മറ്റു ചിലരാവട്ടെ അല്ലാഹുവിന്റെ അഭീഷ്ടത്തിൽനിന്ന് അണു അളവ് വ്യതിചലിക്കാത്ത പരിശുദ്ധരായ മലക്കുകളും. അത്തരം സൃഷ്ടികളെ ആരാധിക്കുന്നവർ കേവലം കാലികളെപ്പോലെ, അല്ല അതിലേറെ മൂഢരാകുന്നു എന്ന് 7:179-ലും 25:44-ലും പ്രസ്താവിച്ചിട്ടുണ്ട്.

ബഹുദൈവങ്ങളായി പൂജിക്കപ്പെടുന്നതിൽ പലതും കേവലം സങ്കൽപങ്ങളാണ്. സങ്കൽപങ്ങൾ പ്രാർഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യുന്ന പ്രശ്നമില്ലാത്തതുപോലെ, പരലോകത്ത് വിചാരണ ചെയ്യപ്പെടുന്ന പ്രശ്നവുമില്ല. എന്നാൽ, അവയിൽ യാഥാർഥ്യമുള്ള വസ്തുക്കൾ പരലോകത്ത് മനുഷ്യരാസകലം വിചാരണാ മഹാസഭയിൽ സമ്മേളിപ്പിക്കപ്പെടുമ്പോൾ സാക്ഷികളായി ഹാജരാക്കപ്പെടും. തങ്ങളെ ആരാധിക്കാൻ ആരോടും ആവശ്യപ്പെട്ടിട്ടില്ലെന്നും തങ്ങളുടെ സമ്മതത്തോടെ ആരും തങ്ങളെ ആരാധിച്ചിട്ടില്ലെന്നുമായിരിക്കും അവരുടെ മൊഴി. 25:17-18-ൽ പ്രസ്താവിക്കുന്നു:

**وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن دُونِ اللَّهِ فَيَقُولُ أَأَنتُمْ أَضْلَلْتُمْ عِبَادِي هَٰؤُلَاءِ أَمْ هُمْ ضَلُّوا السَّبِيلَ . قَالُوا سُبْحَانَكَ مَا كَانَ يَنبَغِي لَنَا أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَاءَ وَلَٰكِن مَّتَّعْتَهُمْ وَآبَاءَهُمْ حَتَّىٰ نَسُوا الذِّكْرَ وَكَانُوا قَوْمًا بُورًا**

"സത്യ ധർമങ്ങൾ നിഷേധിച്ചുവാണവരെയും അല്ലാഹുവിനെ കൂടാതെ അവർ ആരാധിക്കുന്നവരെയും ഒരുമിച്ചുകൂട്ടുന്ന നാളിൽ അല്ലാഹു ചോദിക്കും: എന്റെ ദാസന്മാരെ നിങ്ങൾ പിഴപ്പിച്ചതാണോ? അതോ അവർ സന്മാർഗത്തിൽനിന്ന് സ്വയം വ്യതിചലിക്കുകയായിരുന്നുവോ? അവരുടെ ആരാധ്യർ ബോധിപ്പിക്കുകയായി: നീ പരമ പരിശുദ്ധനല്ലോ. നീയല്ലാത്ത രക്ഷകരെ കൈക്കൊള്ളുക ഞങ്ങൾക്ക് ചിന്ത്യമേ ആയിരുന്നില്ല. എന്നാൽ, അവർക്കും അവരുടെ പിതാക്കൾക്കും നീ സമൃദ്ധമായ ജീവിത സൗകര്യങ്ങൾ അരുളിയിരുന്നുവല്ലോ. അങ്ങനെ അതിലഭിരമിച്ച് അവർ ധർമ സൂക്തങ്ങൾ വിസ്മരിക്കുകയും നാശോന്മുഖ ജനതയായിത്തീരുകയുമായിരുന്നു." ക്രൈസ്തവരുടെ ആരാധ്യനായ ഈസാ (അ)യുടെ സാക്ഷ്യം 5:116-117-ൽ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

**وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِن دُونِ اللَّهِ ۖ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ ۚ إِن كُنتُ قُلْتُهُ فَقَدْ عَلِمْتَهُ ۚ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ ۚ إِنَّكَ أَنتَ عَلَّامُ الْغُيُوبِ . مَا قُلْتُ لَهُمْ إِلَّا مَا أَمَرْتَنِي بِهِ أَنِ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ ۚ وَكُنتُ عَلَيْهِمْ شَهِيدًا مَّا دُمْتُ فِيهِمْ ۖ فَلَمَّا تَوَفَّيْتَنِي كُنتَ أَنتَ الرَّقِيبَ عَلَيْهِمْ ۚ وَأَنتَ عَلَىٰ كُلِّ شَيْءٍ شَهِيدٌ**

"അല്ലാഹുവിനെ കൂടാതെ എന്നെയും എന്റെ മാതാവിനെയും രണ്ടു ദൈവങ്ങളായി വരിക്കണമെന്ന് നീ ജനത്തോടാവശ്യപ്പെട്ടിരുന്നുവോ എന്ന് അല്ലാഹു മർയമിന്റെ പുത്രൻ ഈസായോട് ചോദിക്കുമ്പോൾ അദ്ദേഹം ബോധിപ്പിക്കും: നീ പരമ പരിശുദ്ധനാകുന്നു. അവകാശമില്ലാത്തത് ആവശ്യപ്പെടുക എനിക്കു ചേർന്നതല്ലല്ലോ. ഞാനത് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അതറിഞ്ഞിട്ടുമുണ്ട്. എന്റെ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിന്റെ സത്തയിലുള്ളത് ഞാൻ അറിയുന്നുമില്ല. അഗോചര സത്യങ്ങളൊക്കെയും അറിയുന്നവൻ നീ മാത്രമാണല്ലോ. നീ എന്നോടു കൽപിച്ചതു മാത്രമേ ഞാൻ അവരോടു പറഞ്ഞിട്ടുള്ളൂ. എന്തെന്നാൽ, എന്റെയും നിങ്ങളുടെയും വിധാതാവായ അല്ലാഹുവിനു മാത്രം ഇബാദത്തു ചെയ്യുവിൻ എന്ന്. അവർക്കിടയിൽ വസിച്ച കാലത്തോളം അക്കാര്യത്തിൽ ഞാൻ അവരുടെ സാക്ഷിയായിരുന്നു. നീ എന്നെ തിരിച്ചു വിളിച്ചപ്പോൾ പിന്നെ അവരെ നിരീക്ഷിച്ചിരുന്നത് നീ തന്നെയാണല്ലോ. സകല സംഗതികൾക്കും സാക്ഷിയായവൻ നീ തന്നെയാകുന്നു." ഇതുപോലെ ചെകുത്താന്മാരും ഇഹലോകത്ത് നയിച്ച നേതാക്കളും സിദ്ധന്മാരുമെല്ലാം അവരെ തള്ളിപ്പറയുമെന്ന് ഖുർആൻ പല സന്ദർഭങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. ഉദാ: 28:62-64 സൂക്തങ്ങൾ. ●